(ഡി) എങ്കിൽ ദീർഘദൂര സ്വകാര്യ ബസ്സുകളിൽ ഏർപ്പെടുത്തിയിട്ടുള്ള അതേ സൗകര്യങ്ങൾ കെ. എസ്. ആർ. ടി. സി. ബസ്സുകളിലും ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പാലിക്കുന്നുണ്ട്.

(ബി) ബന്ധപ്പെട്ട മോട്ടോർ വെഹിക്കിൾസ് റൂളുകളിൽ പറയുന്ന നിബന്ധനകൾ പാലിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) സ്വകാര്യ ബസ്സുകൾ കോൺട്രാക്ട് ക്യാരേജ് സർവ്വീസാണ് നടത്തുന്നത്. കെ. എസ്. ആർ. ടി. സി. സ്റ്റേജ് ക്യാരേജ് സർവ്വീസാണ് നടത്തുന്നത്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ കുറവ് പരിഹരിക്കാൻ നടപടി

114 [3519] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്ക് നിലവിൽ ഉപയോഗയോഗ്യമായ എത്ര ബസ്സുകൾ സ്വന്തമായുണ്ട്;

(ബി) ബസ്സുകളുടെ കാലപ്പഴക്കം വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ആകെ ഓപ്പറേറ്റു ചെയ്യുന്ന ഷെഡ്യൂളുകളും ബസ്സുകളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ;

(ഡി) ബസ്സുകളുടെ കുറവ് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 4218 ബസ്സുകൾ.

(ബി) ഒരു വർഷം വരെ പഴക്കമുള്ള 82 ബസ്സുകൾ, രണ്ടു വർഷം വരെ 394-ഉം, മൂന്നു വർഷംവരെ 588-ഉം, 4 വർഷം വരെ 268-ഉം, 5 വർഷം വരെ 407-ഉം, 6 വർഷം വരെ 460-ഉം, 7 വർഷം വരെ 367-ഉം, 8 വർഷം വരെ 512-ഉം, 9 വർഷം വരെ 434-ഉം, 10 വർഷം വരെ 317-ഉം 10 വർഷത്തിനുമേൽ പഴക്കമുള്ള 389 ബസ്സുകളും ഇപ്പോൾ ഉണ്ട്.

(സി) 3881 ഷെഡ്യൂളുകൾക്ക് 4218 ബസ്സുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹഡ്കോയിൽനിന്നും ലഭിച്ച വായ്പ ഉപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പ്രാന്തപ്രദേശങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ മിനി ബസ്സുകളുടെ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാൻ നടപടി

115 [3520] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. എത്ര മിനി ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) അവ ഏതൊക്കെ ഡിപ്പോകൾ മുഖേനയാണ് ഓപ്പറേറ്റ് ചെയ്യുന്നത്; ഓരോ ഡിപ്പോയും എത്ര ഷെഡ്യൂൾവീതം ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൂടുതൽ മിനി ബസ്സുകൾ വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ദേശസാൽകൃത മേഖലകളിലെ പ്രാന്തപ്രദേശങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ മിനി ബസ്സുകളുടെ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 40 ബസ്സുകൾ.

(ബി) ഡിപ്പോകളുടെയും ഷെഡ്യൂളുകളുടെയും കണക്കുകൾ താഴെ ചേർക്കുന്നു:

പാപ്പനംകോട്	..	3
സിറ്റി	..	4
വികാസ്ഭവൻ	..	5
കാട്ടാക്കട	..	2
പത്തനാപുരം	..	7
നെടുമങ്ങാട്	..	2
പേരൂർക്കട	..	2
ആറ്റിങ്ങൽ	..	4
കൊട്ടാരക്കര	..	10
കോഴിക്കോട്	..	1
ആകെ	..	40

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly